# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2725 19.06.2014 -ലെ മറുപടിയ്ക്ക്.**

**ഹയർസെക്കന്ററി മേഖലയിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിന് യോഗ്യത ടെസ്റ്റ് ഒഴിവാക്കൽ**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി മേഖലയിൽ ജോലി നോക്കുന്ന താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാരെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തി ലാബ് അസിസ്റ്റന്റ് ടെസ്റ്റിൽനിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;<br>(ബി) ലാബ് അസിസ്റ്റന്റുമാരിൽ നിന്നും മൂന്ന് വർഷത്തിലധികം സർവ്വീസ് പൂർത്തീകരിച്ചവരെ ലാബ് അസിസ്റ്റന്റ് ടെസ്റ്റ് പാസ്സാവുന്നതിൽ നിന്നും ഒഴിവാക്കുമോ; | (എ) & (ബി) | ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് പാസാവുകയെന്നത് ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം ലാബ് അസിസ്റ്റന്റുമാർക്ക് നിഷ്കർഷിച്ചിട്ടുള്ള നിർബന്ധിത യോഗ്യതയാണ്.ലാബ് അസിസ്റ്റന്റുമാരെ പ്രസ്തുത ടെസ്റ്റിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) നിലവിലുള്ള ലാബ് അസിസ്റ്റന്റുമാർക്ക് പ്രായോഗിക പരിശീലന പരിപാടി നടപ്പാക്കുവാൻ തയ്യാറാകുമോ; | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

(മറുപുറം)

| | | | |
|---|---|---|---|
| (ഡി) | പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതുമൂലം ലാബ് അസിസ്റ്റന്റുമാർക്ക് ബൈട്രാൻസ്ഫർ മുഖേനയുള്ള എൽ.ഡി.ക്ലർക്ക്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.